മാതൃഭൂമി വാരാന്തപ്പതിപ്പ്

## സ്വാതിതിരുനാളിൻെറ പ്രസക്തി - III

ഹേമലതാ ശ്രീകുമാർ

# സംഗീതത്തിനും നൃത്തത്തിനും പ്രോത്സാഹനം

ത്യാഗരാജ സ്വാമികളുടെ ശിഷ്യനായിരുന്ന കണ്ണയ്യ ഭാഗവതർ സ്വാതിതിരുനാളിൻെറ സദസ്സലങ്കരിച്ചിരുന്നു. വീണാവാദനവിദ്വാനായിരുന്ന സുബ്ബുക്കുട്ടി അയ്യയും സംഗീത സദസ്സിലുണ്ടായിരുന്നു. പുതുക്കോട്ട രാജസദസ്സലങ്കരിച്ചിരുന്ന സുബ്ബുക്കുട്ടി അയ്യയെ സ്വാതിതിരുനാൾ മഹാരാജാവിൻെറ നിരന്തര പരിശ്രമ ഫലമായാണ് തിരുവനന്തപുരത്തുകൊണ്ടുവരാൻ സാധിച്ചതെന്ന് രേഖകളിൽ കാണുന്നു.

കേരളീയരായ സഭാംഗങ്ങളുടെ ഇടയിൽ അദ്വിതീയനായിരുന്നത് ഷഡ്കാല ഗോവിന്ദ മാരാരായിരുന്നു. മൂവാററുപുഴയ്ക്കടുത്തുള്ള രാമമംഗലത്തുജനിച്ച ഗോവിന്ദമാരാർ ഒരു വികലാംഗനായിരുന്നു. തീർത്ഥാടന പ്രിയനായിരുന്ന ഗോവിന്ദമാരാർ ഒരു സന്ന്യാസ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹത്തിൻെറ കൈയിൽ ഏഴു തന്ത്രികളുള്ള ഒരു തംബുരു ഉണ്ടായിരുന്നു. ആറു കാലങ്ങളിൽ പല്ലവി പാടാൻ സാമർത്ഥ്യമുണ്ടായിരുന്ന ഗോവിന്ദ മാരാർ ഷഡ്കാല ഗോവിന്ദ മാരാർ എന്ന പേരിലാണ് പ്രസിദ്ധനായത്. ത്യാഗരാജകൃതികൾ പ്രശംസനീയമായ രീതിയിൽ രാജാവിൻെറ മുൻപിൽ മാരാർ പാടാറുണ്ടായിരുന്നു. കണ്ണയ്യ ഭാഗവതർ, വടിവേലു, ഗോവിന്ദ മാരാർ എന്നിവരിൽ നിന്ന് ത്യാഗരാജ സ്വാമികളെക്കുറിച്ചറിയാൻ ഇടയായ തിരുമനസ്സ് ത്യാഗരാജസ്വാമികളെ തൻെറ രാജസദസ്സിൽ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചു. അതിനുവേണ്ടി ഗോവിന്ദ മാരാരും വടിവേലുവും കൊട്ടാരം ലായം സൂക്ഷിപ്പുകാരനായിരുന്ന നല്ലതമ്പി മുതലിയാരും കൂടി ത്യാഗരാജ സ്വാമികളെ കാണാൻ പുറപ്പെട്ടു. തിരുവായൂരിൽ എത്തിയ അവർ ഏകാദശി രാത്രിയിൽ ത്യാഗരാജ സന്നിധിയിൽ എത്തിച്ചേർന്നു. അന്ന് ത്യാഗരാജ സ്വാമികളുടെ മുമ്പാകെ തൻെറ സംഗീതപാടവം പ്രദർശിപ്പിക്കാൻ ഗോവിന്ദ മാരാർക്ക് അവസരം ലഭിച്ചു. സ്വാമികൾ ഗോവിന്ദ മാരാരുടെ മാഹാത്മ്യം മനസ്സിലാക്കി 'എന്തരോ മഹാനുഭാവലോ' എന്ന കീർത്തനം രചിച്ചു. ത്യാഗരാജ സ്വാമികളുടെ പ്രസിദ്ധമായ പഞ്ചരത്നകീർത്തനങ്ങളിൽ ഒന്നാണിത്. പക്ഷെ ത്യാഗരാജ സ്വാമികൾ തിരുവിതാംകൂർ രാജസദസ്സ് സന്ദർശിക്കുവാനുള്ള ക്ഷണം നിരസിച്ചു. വടിവേലുവും നല്ലതമ്പി മുതലിയാരും തിരിച്ചെത്തി എങ്കിലും ഗോവിന്ദ മാരാർ പന്താർപൂർ എന്ന സ്ഥലത്തു താമസിച്ചു.

സ്വാതി തിരുനാൾ രാജസദസ്സിൽ മുഖ്യനായിരുന്ന വേറൊരാൾ പാലക്കാട് പരമേശ്വര ഭാഗവതരാണ്. മഹാരാജാവിൻെറ പ്രത്യേക പരിലാളനയിൽ വളർന്ന പരമേശ്വര ഭാഗവതർ ഒരു പ്രസിദ്ധ ഗായകനായിത്തീർന്നു. അദ്ദേഹം ഒരു ഗാനരചയിതാവും കൂടിയായിരുന്നു. പരമേശ്വര ഭാഗവതർ തന്നെ സ്വാതി തിരുനാൾ മഹാരാജാവിൻെറ സദസ്സിനു പരിചയപ്പെടുത്തിക്കൊടുത്ത ഒരു സംഗീതജ്ഞനാണ് മാളിയേയ്ക്കൽ കൃഷ്ണമാരാർ. മുല്ലമൂട് ഭാഗവതന്മാർ എന്ന പേരിൽ അറിഞ്ഞിരുന്ന ഭാഗവതന്മാർ 50-ൽ പരം ആയിരുന്നു.

ഏവരുടെയും ചുണ്ടിലൂറുന്ന താരാട്ടുപാട്ടായ 'ഓമനത്തിങ്കൾ കിടാവോ' എന്ന ഗാനത്തിൻെറ രചയിതാവായ ഇരയിമ്മൻ തമ്പി സ്വാതി തിരുനാളിൻെറ ആസ്ഥാനകവിയായിരുന്നു.

നൃത്തത്തിനും സ്വാതിതിരുനാൾ പ്രോത്സാഹനം നൽകിയിരുന്നു. ദക്ഷിണേന്ത്യയിലെ പല പ്രമുഖ നർത്തകികളും തിരുമനസ്സിൻെറ രാജസദസ്സ് അലങ്കരിച്ചിരുന്നു. വടിവേലു തിരുവിതാംകൂർ കണ്ടിരുന്നവരിൽ വച്ചേററവും ബഹുമാനിക്കപ്പെട്ടിരുന്ന നട്ടുവനായിരുന്നു. പത്മനാഭസ്വാമി ക്ഷേത്രാങ്കണത്തിലും കൊട്ടാരത്തിലും വച്ച് നൃത്തങ്ങൾ അരങ്ങേറിയിരുന്നു. തിരുമനസ്സിൻെറ പദങ്ങൾക്കും വർണങ്ങൾക്കും നർത്തകിമാർ ജീവൻ നൽകിയപ്പോൾ തിരുമനസ്സിനുണ്ടായിരുന്ന ആനന്ദം അവർണനീയമാണ്. പിച്ചുഭാഗവതരെന്ന നട്ടുവൻ അക്കാലത്തുണ്ടായിരുന്നു.

അക്കാലത്ത് ചിത്രകലയ്ക്കും പ്രോത്സാഹനം ലഭിച്ചിരുന്നു. രാമസ്വാമി നായ്ക്കൻ, അളഗിരി നായിഡു എന്നീ ചിത്രകാരന്മാർ പ്രസിദ്ധരാണ്. പെഡദാസർ എന്ന തഞ്ചാവൂർ സ്വദേശിയായിരുന്ന ചിത്രകാരനെ ദിവാനായിരുന്ന സുബ്ബറാവുവിൻെറ മകൻ തുലജരാമറാവു ആണ് തിരുമനസ്സിന് പരിചയപ്പെടുത്തിക്കൊടുത്തത്.

ഒരു മഹാരാജാവായിരുന്നതിനാൽ രാജാധികാരം ഉപയോഗിച്ച് തൻെറ കീർത്തനങ്ങൾ അദ്ദേഹം പ്രചരിപ്പിച്ചിരുന്നതായി കാണാം. ശ്രീ. ആർ. കുളത്തൂരയ്യരുടെ 'ശ്രീ സ്വാതി തിരുനാൾ തിരുമനസ്സുകൊണ്ട്' എന്ന ലേഖനത്തിൽ ഇങ്ങനെ കാണുന്നു. (മഹാരാജാക്കന്മാർ, രാജാക്കന്മാർ രാവിലെയും രാത്രിയിലും അമൃതേത്തു കഴിക്കുമ്പോൾ അടുത്ത മുറിയിലിരുന്ന് ഭാഗവതന്മാർ പാടണം എന്ന ഒരേർപ്പാടുണ്ട്. ഇവിടെ കൽപിച്ചുണ്ടാക്കിയ കൃതികളാണ് കൊട്ടാരം ഭാഗവതന്മാർ പാടുന്നത്. പകൽ അമൃതേത്തു സമയത്ത് കീർത്തനങ്ങളും രാത്രിയിൽ അത്താഴം അമൃതേത്തു സമയത്ത് കീർത്തനങ്ങൾ, വർണങ്ങൾ, പദങ്ങൾ ഇവയും പാടിയിരുന്നു. ഇതു കൂടാതെ ഇന്നയിന്ന ദിവസങ്ങളിൽ ഇന്നയിന്ന പാട്ടുകൾ പാടണമെന്ന് ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. കൂടാതെ കൽപിച്ച ദിവസം പ്രതി ശ്രീ പത്മനാഭസ്വാമി ദർശനത്തിന് ക്ഷേത്രത്തിൽ എഴുന്നള്ളുമ്പോഴും ക്ഷേത്രത്തിലെ നാദസ്വരക്കാർ ഇന്നയിന്ന കീർത്തനങ്ങൾ, അല്ലെങ്കിൽ ഇന്നയിന്ന രാഗങ്ങൾ വായിക്കണം എന്ന് ഏർപ്പാടു ചെയ്തിരുന്നു. തഞ്ചാവൂർ ഗാനവിശാരദന്മാർക്കിടയിൽ തൻെറ കൃതികൾ പ്രചരിപ്പിക്കുന്നതിനായി കൊണ്ടുപോയ ആൾക്ക് 500 രൂപ ചെലവായതായി കാണുന്നുണ്ട്. തൻെറ രാജാധികാരം പരമാവധി സംഗീതസാഹിത്യ പ്രോത്സാഹനത്തിനുവേണ്ടി ഉപയോഗിച്ചിരുന്നു.

തിരുമനസ്സിൻെറ അവസാന കാലം ദു:ഖം നിറഞ്ഞതായിരുന്നു. 1012-ൽ സഹോദരി രുഗ്മിണിഭായി തമ്പുരാട്ടിയുടെ മരണവും 8 വർഷത്തിനുശേഷം 1020-ൽ അച്ഛൻെറ മരണവും മഹാരാജാവിന് വലിയ ആഘാതങ്ങളായി. ആ ആഘാതത്തിൽ നിന്നും വിമുക്തനാകാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. തിരുമനസ്സിൻെറ ആരോഗ്യനില ദിനംപ്രതി വഷളായിക്കൊണ്ടിരുന്നു. അവസാനകാലത്ത് തൻെറ സഹോദരനെയോ, തൻെറ എല്ലാമായിരുന്ന ഇളയമ്മ റാണിയേയോ കാണാൻ കൂടി വിസമ്മതിച്ചിരുന്നു. കൊല്ലവർഷം 1022-ൽ സ്വാതി തിരുനാൾ നാടുനീങ്ങി.

## കലയുടെ പൂർണത

ശ്രീ സ്വാതി തിരുനാൾ മഹാരാജാവ് പൂർണരൂപത്തിൽ ഒരു കലാകാരനായിരുന്നു. ഒരു മഹാരാജാവായിരുന്നില്ലെങ്കിൽ കൂടി ഒരു കലാകാരനെന്ന നിലയിൽ തിരുമനസ്സ് വിശ്വപ്രസിദ്ധ നാകുമായിരുന്നു. ദക്ഷിണേന്ത്യൻ സംഗീതരംഗത്തെ ത്രിമൂർത്തികൾ എന്നറിയപ്പെടുന്ന മുത്തുസ്വാമി ദീക്ഷിതർ, ത്യാഗരാജ സ്വാമികൾ, ശ്യാമ ശാസ്ത്രികൾ എന്നീ ഗാനകൃത്തുക്കളുമായി ഒരു താരതമ്യ പഠനം നടത്താതെ ശ്രീ സ്വാതി തിരുനാൾ മഹാരാജാവിനെക്കുറിച്ചുള്ള പഠനം പൂർത്തിയാവുകയില്ല. ത്രിമൂർത്തികളും സ്വാതിതിരുനാൾ മഹാരാജാവും സമകാലികരായിരുന്നു. ത്യാഗരാജസ്വാമികൾക്ക് ശ്രീ നാരദനും, ദീക്ഷിതർക്ക് ചിദംബരനാഥയോഗിയും, ശ്യാമ ശാസ്ത്രികൾക്ക് സംഗീതസ്വാമിയും ഗുരുക്കന്മാരായിരുന്നതു പോലെ സ്വാതിതിരുനാളിന് മേരുസ്വാമിയായിരുന്നു ഗുരു. ത്രിമൂർത്തികളുടെ സംഗീതത്തിനും, സ്വാതി തിരുനാളിൻെറ സംഗീതത്തിനും പല സാമ്യങ്ങളുണ്ട്. ഇവരുടെ ഭൂരിഭാഗം കൃതികളും കീർത്തനങ്ങളാണ്. കീർത്തനങ്ങളിൽ അപൂർവരാഗങ്ങൾ ത്രിമൂർത്തികളും സ്വാതി തിരുനാളും ഉപയോഗിച്ചിട്ടുണ്ട്. ദീക്ഷിതരുടെയും ശാസ്ത്രികളുടെയും കീർത്തനങ്ങൾ കഠിനമായവയായിരിക്കെ ത്യാഗരാജസ്വാമികളുടെയും സ്വാതി തിരുനാളിൻെറയും കൃതികൾ സാമാന്യം ലളിതമാണ്. ത്യാഗരാജന് ശ്രീരാമനും, ദീക്ഷിതർക്ക് സുബ്രഹ്മണ്യനും, ശാസ്ത്രികൾക്ക് കാമാക്ഷീദേവിയും ശ്രീ സ്വാതിതിരുനാളിന് ശ്രീപത്മനാഭ സ്വാമിയും ആയിരുന്നു ഇഷ്ടദേവതകൾ. അവർ രചിച്ച കൃതികൾ ഇഷ്ടദേവതാസ്തുതികളാണ്. ത്യാഗരാജ സ്വാമികളും ശ്യാമാശാസ്ത്രികളും തെലുങ്കിലാണ് രചിച്ചിട്ടുള്ളത്; ദീക്ഷിതരാകട്ടെ സംസ്കൃതത്തിലും. എന്നാൽ, സംസ്കൃതം, തെലുങ്ക്, കന്നട, മലയാളം, ഹിന്ദുസ്ഥാനി എന്നീ അഞ്ചു ഭാഷകളിലാണ് സ്വാതിതിരുനാൾ കൃതികൾ രചിച്ചിട്ടുള്ളത്. സാഹിത്യകൃതികളുടെ രചയിതാവു കൂടിയാണ് ശ്രീ സ്വാതിതിരുനാൾ. എന്നാൽ ത്രിമൂർത്തികൾ ഗാനരചയിതാക്കൾ മാത്രമാണ്. ത്രിമൂർത്തികൾക്കുണ്ടായിരുന്ന ശിഷ്യസമ്പത്ത് സ്വാതി തിരുനാൾ മഹാരാജാവിനില്ലായിരുന്നു. ഒരു പക്ഷേ, മഹാരാജാവിനില്ലായിരുന്നതിനാലാകാം ഇതില്ലാതെ പോയത്. ത്യാഗരാജസ്വാമികൾ എൺപതു കൊല്ലവും ശ്യാമാശാസ്ത്രികൾ അറുപതു കൊല്ലവും, ദീക്ഷിതർ അറുപതു കൊല്ലവും ജീവിച്ചിരുന്നു; എന്നാൽ, സ്വാതിതിരുനാൾ

കേവലം മുപ്പത്തിനാലു കൊല്ലമാണ് ജീവിച്ചിരുന്നത്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയധികം സംഭാവനകൾ അദ്ദേഹം കലാരംഗത്തിന് നൽകി.

സ്വാതിതിരുനാൾ പ്രജാക്ഷേമതത്പരനായ ഭരണാധികാരിയായിരുന്നു. ലോകത്തെമ്പാടും ഉണ്ടായിക്കൊണ്ടിരുന്ന സാമൂഹികവും സാമ്പത്തികവുമായ മാററങ്ങളുടെയും പരിഷ്കാരങ്ങളുടെയും പ്രയോജനം തൻെറ പ്രജകൾക്കും ലഭ്യമാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹം നടപ്പിൽ വരുത്തിയ ഭരണ പരിഷ്ക്കാരങ്ങൾ ഇതിന് ഉത്തമോദാഹരണങ്ങളാണ്. എന്നാൽ തൻെറ രാജഭരണ കാലത്ത് തിരുവിതാംകൂറും ബ്രിട്ടീഷ് ഗവൺമെൻറും തമ്മിലുള്ള ബന്ധങ്ങൾക്ക് വലിയ മാററങ്ങൾ വന്നു. അതിൽ മനംനൊന്ത തിരുമനസ്സിൻെറ അവസാന കാലം ഇരുൾ മൂടിയതാണ്. സ്വതേ തന്നെ അന്തർമുഖനായിരുന്ന രാജാവിന് തൻെറ റസിഡൻറിൻെറ അതിരു കടന്ന കൈകടത്തലുകളെ ചെറുത്തുനിൽക്കുവാൻ കഴിഞ്ഞില്ല. ഇതിൻെറ പരിണാമ ഫലം, ഭരണകാര്യങ്ങളിൽ മഹാരാജാവ് വിമുഖനായിത്തീർന്നു എന്നതാണ്. ഗായകന്മാരെയും നർത്തകികളെയും വിലപിടിപ്പുള്ള സമ്മാനങ്ങളും പണവും കൊണ്ട് പ്രോത്സാഹിപ്പിച്ചിരുന്നതിനാൽ തിരുവിതാംകൂറിൻെറ ഖജനാവ് കാലിയായി.

കാലചക്രത്തിൻെറ ഭ്രമണത്തിൽ സ്വാതിതിരുനാൾ എന്ന മഹാരാജാവിനെ വരും തലമുറ മറന്നേക്കാം. എന്നാൽ സ്വാതിതിരുനാൾ എന്ന സംഗീതകൃത്ത് ചിരഞ്ജീവിയാണ്.

(അവസാനിച്ചു)

Filename: Nirtham
Directory: D:\files\swathithirunal backup\swathicorrected\swathicorrected
Template: C:\Documents and Settings\das\Application Data\Microsoft\Templates\Normal.dot
Title: amXr`qan hmcm´¸Xn¸v
Subject:
Author: INTEL
Keywords:
Comments:
Creation Date: 9/26/2003 1:35 PM
Change Number: 1
Last Saved On: 9/26/2003 1:38 PM
Last Saved By: INTEL
Total Editing Time: 7 Minutes
Last Printed On: 12/11/2003 11:38 AM
As of Last Complete Printing
Number of Pages: 3
Number of Words: 895 (approx.)
Number of Characters: 5,102 (approx.)